**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1286** **19-06-2024 - ൽ മറുപടിയ്ക്ക്**

**എ. സി. റോഡിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാടിന്റെ മുഖച്ഛായ മാറ്റുന്ന എ. സി.റോഡിന്റെ നവീകരണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ; | (എ) | എ. സി. റോഡിന്റെ നവീകരണ പ്രവൃത്തി 31.05.2025 നകം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | എന്തെല്ലാം സൗകര്യങ്ങളും ഗുണങ്ങളുമാണ് പ്രസ്തുത റോഡിന്റെ നവീകരണത്തിലൂടെ സാധ്യമാകുന്നത് എന്ന് വ്യക്തമാക്കുമോ? | (ബി) | ആലപ്പുഴ – കോട്ടയം ജില്ലകൾക്ക് മാത്രമല്ല സംസ്ഥാനത്തിനാകെ ഗുണകരമാകുന്ന പദ്ധതിയാണ് എ. സി. റോഡ് നവീകരണം. മഴക്കാലത്ത് വെള്ളക്കെട്ട് ഉണ്ടാവുകയും ദീർഘനാളുകൾ ഗതാഗതം ഒഴിവാക്കുകയും ചെയ്യുന്ന സാഹചര്യത്തെ മറികടക്കുവാൻ എ. സി. റോഡ് നവീകരണത്തിലൂടെ സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. തദ്ദേശീയ ജനതയ്ക്ക് ഈ പദ്ധതി ഗുണകരമായി മാറും. കുട്ടനാടൻ – അപ്പർകുട്ടനാടൻ മേഖലയിലെ കാർഷികരംഗം അഭിവൃദ്ധിപ്പെടുത്താൻ എ.സി. റോഡ് നവീകരണം സാധ്യമാകും. കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം കേന്ദ്രമായ ആലപ്പുഴയിലേയും പരിസരങ്ങളിലേയും സഞ്ചാരികളുടേയും വരവ് വർദ്ധിപ്പിക്കാനും പദ്ധതി സഹായിക്കും. |

സെക്ഷൻ ഓഫീസർ